# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3551    12.12.2014-ലെ മറുപടിയ്ക്ക്

## ഗ്രാമയാത്രാ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ആർ.സെൽവരാജ് | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
| (എ) | ഗ്രാമയാത്രാ പദ്ധതിക്കു രൂപം നൽകിയിട്ടുണ്ടോ; വിശദ മാക്കുമോ ; | (എ) | സർക്കാരിന്റെ 12.01.2012-ലെ സ.ഉ(സാധാ) നമ്പർ 135/12/തസ്വഭവ ഉത്തരവുപ്രകാരം ഗ്രാമയാത്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.<br><br>കേരളത്തിലെ 134 നിയമസഭാ നിയോജകമണ്ഡലങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന ഓരോ പഞ്ചായത്തിലെ ഒരു വാർഡിൽ വിശേഷാൽ ഗ്രാമസഭ ചേർന്നുകൊണ്ടാണ് ഗ്രാമയാത്ര നടത്തുന്നത്. ഈ വിശേഷാൽ ഗ്രാമസഭ ചേരുന്നതിനു മുമ്പ് ആ നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും, വയോജനങ്ങൾ, വനിതകൾ, യുവജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവരുടെ പ്രത്യേക ഗ്രാമസഭകൾ ചേർന്ന് ഗ്രാമയാത്രയിൽ പങ്കെടുക്കുന്നതിനുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. പ്രസ്തുത ഗ്രാമയാത്രയിൽ ബന്ധപ്പെട്ട നിയമസഭാ നിയോജക മണ്ഡലത്തിലെ വിവിധതലത്തിലുള്ള ജനപ്രതിനിധികളെ ക്കൂടി പങ്കെടുപ്പിക്കുന്നു. ഗ്രാമയാത്രയുടെ സംഘാടകർക്ക് ആവശ്യമായ പരിശീലനം കിലയിൽ നിന്നും നൽകി വരുന്നു. ഗ്രാമയാത്രയുടെ വിജയകരമായ നടത്തിപ്പിനായി ജില്ലാതലമണ്ഡലതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടർ ഓഫീസിൽ ഗ്രാമയാത്ര പരാതി പരിഹാര സെൽ രൂപീകരിച്ചിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ; | (ബി) | ഗ്രാമസഭകളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഗ്രാമയാത്രകൾ നടത്തുന്നത്. ഭരണത്തിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുക എന്നതാണ് അധികാര വികേന്ദ്രീകരണത്തിന്റെ ആത്യന്തികമായ ലക്ഷ്യം. ഇതു കൈവരിക്കുന്നതിനായി ഗ്രാമസഭകളെ കൂടുതൽ ജനപങ്കാളിത്തമുള്ളവയാക്കുകയും ഗ്രാമസഭകളുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുക് എന്നുള്ളതാണ് ഗ്രാമയാത്ര പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. |
| (സി) | എത്ര പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട് ; വിശദമാക്കുമോ ; | (സി) | 30 നിയമസഭാ നിയോജക മണ്ഡലങ്ങളിൽ ഗ്രാമയാത്ര പൂർത്തീകരിച്ചിട്ടുണ്ട്. ഓരോ നിയമസഭാമണ്ഡലത്തിലും ഉൾപ്പെട്ട എല്ലാ പഞ്ചായത്തുകളുടേയും പങ്കാളിത്തത്തോടെയാണ് ടി മണ്ഡലങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഒരു പഞ്ചായത്തിലെ ഒരു വാർഡിൽ ഗ്രാമയാത്ര നടത്തുന്നത്.<br><br>ആയതിനാൽ ഇതുവരെ ഗ്രാമയാത്ര പൂർത്തിയായ 30 മണ്ഡലങ്ങളിലായി 224 പഞ്ചായത്തുകളിൽ ഗ്രാമയാത്ര പദ്ധതി പൂർത്തിയായി. |
| (ഡി) | ശേഷിക്കുന്ന പഞ്ചായത്തുകളിൽ പദ്ധതി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമയാത്രകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ